പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത<br>ചോദ്യം നമ്പർ :1520 | 06.03.2020 ൽ<br>മറുപടിയ്ക്ക് |

## കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റി ആസ്ഥാനം

*ചോദ്യം*

ശ്രീ.കെ.വി.വിജയദാസ്

*ഉത്തരം*

ഡോ.കെ.ടി.ജലീൽ

(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഇപ്പോഴും ശൈശവാവസ്ഥയിലുള്ള കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റിക്ക് ഒരു ആസ്ഥാനം നിർമ്മിക്കുന്നതിലേക്കായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ; | (എ) | ഡോ. എ. പി. ജെ. അബ്ദുൾകലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ ആസ്ഥാനം നിർമ്മിക്കുന്നതിന് കാട്ടാക്കട താലൂക്കിൽ വിളപ്പിൽ വില്ലേജിൽ 42.13.66 ഹെക്ടർ സ്ഥലം ഏറ്റെടുക്കുവാൻ റവന്യൂ വകുപ്പിന്റെ 03/07/2019 ലെ സ.ഉ.(സാധാ) നം. 1757/19/RD പ്രകാരം ഉത്തരവായിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികൾക്കായി ബന്ധപ്പെട്ട പ്രാരംഭ ചിലവുകൾക്കായി അൻപതു ലക്ഷം രൂപ തഹസിൽദാരുടെ പേരിൽ ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്. സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിച്ച് വിശദമായ സ്കെച്ച് ജില്ലാ ഭരണകൂടത്തിനു ലഭ്യമാക്കിയിട്ടുണ്ട്. നിർമ്മാണത്തിന്റെ ഡി.പി.ആർ തയ്യാറാക്കുന്നതിനു വേണ്ട നടപടികൾ സർവ്വകലാശാല കൈക്കൊണ്ടിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതുമായി ബന്ധപ്പെട്ട് റവന്യൂ മന്ത്രിയുടെ സാന്നിധ്യത്തിൽ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർക്കുകയും സമയബന്ധിതമായി വസ്തു ഏറ്റെടുക്കൽ |

| | | | |
|---|---|---|---|
| | | | നടപടികൾ പൂർത്തീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. |
| (ബി) | ഇതിന്റെ നിർമ്മാണപ്രവർത്തനം എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ; | (ബി) | ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിച്ചാൽ ഉടൻ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) | കെ.ടി.യു.വിനെ ഇന്ത്യയിലെ ഏറ്റവും മികച്ച സർവ്വകലാശാലയാക്കി മാറ്റുന്നതിനും കോഴ്സുകളുടെ വിപുലീകരണത്തിനും ആധുനികവൽക്കരണത്തിനും നടപടികൾ സ്വീകരിക്കുമോ; വിശദവിവരം നൽകുമോ? | (സി) | ഇന്ത്യയിലെ പ്രശസ്തമായ ദേശീയ സ്ഥാപനങ്ങളുടെ മാതൃകയിൽ ബിരുദ – ബിരുദാനന്തര പഠനങ്ങൾക്കും ഗവേഷണത്തിനും പ്രാധാന്യം നൽകിക്കൊണ്ട് രാജ്യത്തിലെ ഏറ്റവും ശ്രദ്ധേയമായ സാങ്കേതിക ശാസ്ത്ര ഗവേഷണ കേന്ദ്രമായി സാങ്കേതിക സർവകലാശാലയെ മാറ്റുക എന്നതാണ് ലക്ഷ്യം. |

സെക്ഷൻ ഓഫീസർ